# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3210

07.02.2018-ൽ മറുപടിക്ക്

## ഓഖി ദുരിതബാധിതർക്കുള്ള സഹായങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.സി.ജോർജ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരന്തം ബാധിച്ച മത്സ്യത്തൊഴിലാളിക്ക് നാളിതുവരെയായി സർക്കാർ എന്തൊക്കെ സഹായങ്ങൾ നൽകിയെന്ന് വിശദമാക്കുമോ; | (എ) | ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, ഫണ്ട് ബോർഡിൽ നിന്ന് 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ചു. 03.02.2018 വരെ 49 പേർക്ക് ധനസഹായം നൽ കിയിട്ടുണ്ട്.<br>ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യ സ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം അനുവദിക്കുന്നതാണ്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടു ണ്ട്. ഓഖി ദുരന്തത്തിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അടിയന്തര ധനസഹായമായി 10,000/- രൂപ വീതം അനുവദിച്ചു നൽകി. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 5000/- രൂപ വീതം അനുവദിച്ചു നൽകി. മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹ ചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2000/- രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വഴി നൽകിയിട്ടുണ്ട്.<br>മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/ തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസം/ ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട |

| | | | |
|---|---|---|---|
| | | | നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ട പരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. അതോടൊപ്പം കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടു ണ്ട്. പ്രത്യേക പോലീസ് സംവിധാനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണം നടത്തേതെന്നും റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സമഗ്രപദ്ധതിയും കൂടുതൽ സുരക്ഷയുള്ള യാനങ്ങൾ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടു ണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ പദ്ധതിയ്ക്കായി 7340 കോടി രൂപയുടെ ഒരു സമഗ്രപദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടു ണ്ട്. |
| (ബി) | ഇതിൽ എത്ര ഗുണഭോക്താക്കൾ ഉണ്ട്; പ്രസ്തുത സഹായങ്ങൾ നൽകിയത് ആർക്കൊക്കെ എന്ന് പേര് സഹിതം എണ്ണമിട്ട് പ്രത്യേകമായി വിവരിക്കുമോ; | (ബി)യും (സി)യും (ഡി)യും | മരണപ്പെട്ട 49 പേരുടെ ആശ്രിതർക്ക് ഇതിനകം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. 21.12.2017 തീയതിയിലെ സ.ഉ(സാ) നം. 114/2017/ഡി.എം.ഡി പ്രകാരമാണ് നഷ്ടപരിഹാര തുക കുടുംബങ്ങൾക്കിടയിൽ വിതരണം നടത്തുന്നത്. നഷ്ടപരിഹാരതുക ലഭിച്ച കുടുംബാംഗങ്ങളുടെ പേരുവിവരവും എത്ര തുക വീതമാണെന്നുള്ളതും സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു. |
| (സി) | മരണപ്പെട്ട പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് നഷ്ട പരിഹാര തുക എത്ര വീതം നൽകിയിട്ടുണ്ടെന്നും ആർക്കൊക്കെയെന്നും പേര് സഹിതം വിശദമാക്കുമോ; | | |
| (ഡി) | മരണപ്പെട്ടവരുടെ നഷ്ടപരിഹാര തുക ഇവരുടെ കുടുംബങ്ങളിൽ ആരുടെ പേരിലാണ് നൽകുന്നത്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിന്റെ മാനദണ്ഡം എങ്ങനെ കണക്കാക്കുന്നു; വിശദ വിവരം നൽകുമോ? | | |

സെക്ഷൻ ഓഫീസർ